വേങ്ങോട്, നെടുമങ്ങാട് ഭാഗത്തേക്ക് ഏഴ് ട്രിപ്പുകൾ ഉണ്ട്. അതുപോലെ നെടുമങ്ങാട് യൂണിറ്റിൽ നിന്ന് കൂപ്പ് വഴി അഞ്ച് ട്രിപ്പും, പാണയം വഴി പന്ത്രണ്ട് (12) ട്രിപ്പുകളും ഉണ്ട്. ഈ മേഖലകളിലെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ കൂടുതൽ ട്രിപ്പുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി. ബസ് സ്റ്റോപ്പുകൾ

124 (825) ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂരിലും കാരേറ്റിനും മദ്ധ്യേ പൊരുന്തമൺ എന്ന സ്ഥലത്ത് കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിറുത്താത്തതിനെ സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനെ സംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ അംഗീകൃത സ്റ്റോപ്പായ പൊരുന്തമണിൽ കെ. എസ്. ആർ. ടി. സി. ഫാസ്റ്റ് പാസഞ്ചർ ബസുകൾ നിർത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നു മുതലാണ് ; ആ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഫാസ്റ്റ് പാസഞ്ചർ ബസുകൾക്ക് പൊരുന്തമൺ അംഗീകൃത സ്റ്റോപ്പാണ്. ആയതിനാൽ പ്രത്യേക നിർദ്ദേശം നൽകുന്നതിന്റെ ആവശ്യമില്ല.

താൽക്കാലിക ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ

125 (826) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി. യിൽ എത്ര താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ;

(ബി) താൽക്കാലിക ജീവനക്കാരുടെ നിയമനത്തിനുള്ള നടപടി ക്രമം വിശദീകരിക്കുമോ ;

(സി) സ്ഥിരപ്പെടുത്തിയ താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ഡി) ഇവരുടെ ജാതി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. യുടെ തിരുവനന്തപുരം സെൻട്രൽ, സെൻട്രൽ വർക്ക്ഷോപ്പ്, ആലുവ റീജിയണൽ വർക്ക്ഷോപ്പ്, മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് എന്നിവിടങ്ങളിൽ 15 വർഷത്തിലധികമായി ദിവസ വേതനാടിസ്ഥാനത്തിൽ കാഷ്വൽ ജീവനക്കാരായി ജോലി ചെയ്തിരുന്ന 88 പേരെ മെക്കാനിക്കൽ വിഭാഗത്തിലെ ഏറ്റവും താഴ്ന്ന തസ്തികയായ ഗ്യാരേജ് മസ്ദൂർ വിഭാഗത്തിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖാന്തിരമാണ് നിയമനം എന്നാൽ മെക്കാനിക്കൽ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്ന യൂണിറ്റുകളിൽ ഒരു വർഷത്തെ അപ്രന്റീസ്ഷിപ്പ് പൂർത്തിയാക്കിയവരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചു വരുന്നുണ്ട്. കൂടാതെ ഗാർഡുമാരുടെ കുറവ് ഉണ്ടായാൽ എക്സ് സർവീസ് ലീഗുകാരുടെ ലിസ്റ്റ് പ്രകാരം 35 വയസിനും 55 വയസിനും ഇടയ്ക്കുള്ളവരെ പ്രതിദിനം 100 രൂപ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നു.

(സി,ഡി) കാഷ്വൽ ജീവനക്കാരായ 88 പേരെ സ്ഥിരപ്പെടുത്തിയത് ഗാരേജ് മസ്ദൂർ തസ്തികയിലാണ്. ഇവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്.

കെ. എസ്. ആർ. ടി. സി. യിൽ കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും

126 (830) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2001-ലെ കണക്കനുസരിച്ച് കെ. എസ്. ആർ. ടി. സി. യിൽ നിന്ന് റിട്ടയർ ചെയ്ത എത്ര പേരുടെ കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത് കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും കൊടുത്ത് തീർക്കാനുണ്ട് ;

(ബി) ഈയിനത്തിൽ കോർപ്പറേഷൻ കൊടുത്തു തീർക്കാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1999 നവംബർ മാസം മുതൽ 31-1-2001 വരെ ഏകദേശം 786 ജീവനക്കാർക്ക് കമ്മ്യൂട്ടഡ് വാല്യൂ ഓഫ് പെൻഷനും ഡത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും കൊടുത്തുതീർക്കാനുണ്ട്.

(ബി) ഈ ഇനത്തിൽ കോർപ്പറേഷൻ ഏകദേശം 24 കോടി 19 ലക്ഷം രൂപ കൊടുത്തു തീർക്കാനുണ്ട്.

കെ. എസ്. ആർ. ടി. സി. യിലെ താൽക്കാലിക ജീവനക്കാർ

127 (831) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly